**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2432** **13-09-2023 - ൽ മറുപടിയ്ക്ക്**

**റേഷൻ കടകളിൽ നിന്നും വെള്ളപ്പൊക്കത്തിൽ നഷ്ടമായ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ കടകളിൽ സൂക്ഷിച്ചിരുന്നതും വെള്ളപ്പൊക്കത്തിൽപ്പെട്ട് നശിച്ചുപോയതുമായ അരി, ഗോതമ്പ്, പഞ്ചസാര തുടങ്ങിയ ഭക്ഷ്യവസ്തുക്കളുടെ കണക്ക് ഇപ്പോഴും സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. പ്രകൃതി ദുരന്തമോ, മറ്റു അപ്രതീക്ഷിത സംഭവങ്ങളോ കാരണം റേഷൻ കടകളിൽ ഉപയോഗയോഗ്യമല്ലാതായിത്തീരുന്ന റേഷൻ സാധനങ്ങൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച് 06/06/2022 ലെ സ.ഉ(അച്ചടി)നം. 3/2022/ ഭ.പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കുവാൻ ജില്ല/താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സാധനങ്ങളുടെ നഷ്ടപരിഹാര തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (ബി) | റേഷൻ കടകളിൽ 2018 ലെ വെള്ള പൊക്കത്തിൽ നശിച്ച സാധനങ്ങളുടെ ഭൗതിക സ്റ്റോക്കിൽ വന്ന കുറവ് പ്രളയ ദുരിതാശ്വാസമായി ലഭിച്ച അരിയുടെ വിഹിതം ഉപയോഗിച്ച് നികത്താൻ നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (സി) | നശിച്ചുപോയ പ്രസ്തുത സാധനങ്ങളുടെ കണക്ക് സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി റേഷൻ വ്യാപാരികളുടെ പ്രശ്നത്തിന് പരിഹാരം കാണുമോ? | (സി) | നശിച്ചു പോയ ഭക്ഷ്യ ധാന്യങ്ങളുടെ കണക്ക് സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും ഒഴിവാക്കി വ്യാപാരികളുടെ പ്രശ്നത്തിന് പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ